Circular No. 151
**Lineamenta of the Archeparchial Assembly 2014**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 14 - 4 - 2014

ബഹു. വൈദികരെ, സമർപ്പിതരെ, അൽമായ സഹോദരങ്ങളെ,

മൂന്നാമത് അതിരൂപതാ അസംബ്ലി നാം 2014 സെപ്റ്റംബർ മാസം 9 മുതൽ 12 വരെ തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയാണ്. നമ്മുടെ അതിരൂപതയ്ക്കുള്ളിൽനിന്ന് പൗരസ്ത്യ സഭാ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും അൽമായരുടെയും സമ്മേളനമാണ് അതിരൂപതാ അസംബ്ലി. (നമ്മുടെ) അതിരൂപത മുഴുവനേയും പ്രതിനിധീകരിച്ച് 130 ഓളം അംഗങ്ങളാണ് ഇതിൽ പങ്കെടുക്കുന്നത്.

'ഐക്യത്തിലും ശുശ്രൂഷയിലും വിശ്വാസവെളിച്ചത്തിലേയ്ക്ക്' എന്ന പൊതുവിഷയത്തെ അടിസ്ഥാനമാക്കി വൈദിക-സന്യസ്ത അൽമായ ശുശ്രൂഷയിലെ മുൻഗണനയും ശൈലീമാറ്റവും. അല്മായ പങ്കാളിത്തവും, നേതൃത്വവും, പ്രവാസി അജപാലന ശുശ്രൂഷാ വെല്ലുവിളികൾ, മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി എന്നീ വിഷയങ്ങളായിരിക്കും ചർച്ച ചെയ്യുന്നത്. സുവിശേഷ മൂല്യങ്ങളും ക്രിസ്തീയ ലളിത ജീവിതശൈലിയും കൂട്ടിയോജിപ്പിച്ച് നമ്മുടെ ക്രൈസ്തവജീവിതത്തെ ജ്വലിപ്പിക്കുവാനുള്ള അവസരമായി നാമിതിനെ പ്രയോജനപ്പെടുത്തണം.

പ്രസ്തുത അസംബ്ലിയുടെ പഠനങ്ങൾക്കും ചർച്ചകൾക്കും ഉപകാരപ്പെടുന്ന ചിന്തകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ പള്ളികളിൽ എത്തിക്കുന്നതാണ്. അതിരൂപതയിലെ എല്ലാ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും വീക്ഷണങ്ങളും അഭിപ്രായങ്ങളും മനസിലാക്കി ഇവയെപ്പറ്റിയുള്ള നിങ്ങളുടെ പ്രതികരണങ്ങളും നിർദ്ദേശങ്ങളും അറിയുന്നതിനു വേണ്ടിയാണ് ഈ മാർഗ്ഗരേഖ തയ്യാറാക്കി നൽകുന്നത്.

ഈ അസംബ്ലിയിൽ അതിരൂപതയിലെ എല്ലാം അംഗങ്ങളുടെയും സജീവസഹകരണം ഉണ്ടാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇടവകസമൂഹം മുഴുവനും ഈ പഠനത്തിൽ പങ്കാളികളാവുമ്പോഴാണ് ഈ അസംബ്ലി വിജയപ്രദമാകുന്നത്. അസംബ്ലിയെക്കുറിച്ച് ബഹു.വികാരിയച്ചൻമാർ വി.കുർബാനമധ്യേയും കൂടാരയോഗങ്ങളിലും വിശദീകരിച്ചു കൊടുക്കുന്നത് നന്നായിരിക്കും. ഇടവകയിലെ പാരിഷ് കൗൺസിൽ അംഗങ്ങൾ, കൂടാരയോഗഭാരവാഹികൾ, ഭക്തസംഘടനാ പ്രതിനിധികൾ എന്നിവരുടെ സമ്മേളനത്തിൽ ഈ മാർഗ്ഗരേഖ പഠനവിഷയമാക്കേണ്ടതാണ്. അതെത്തുടർന്ന് പാരിഷ് കൗൺസിൽ അംഗങ്ങളുടെ ഫൊറോനാതല സമ്മേളനങ്ങൾ ഫൊറോനാവികാരിമാരുടെ നേതൃത്വത്തിൽ അതാതു ഫൊറോനാകളിൽ നടത്തേണ്ടതാണ്. മെയ് മാസം 31-ാം തീയതിക്കു മുമ്പായി പ്രസ്തുത ചർച്ചകളുടെയും പഠനത്തിന്റെയും റിപ്പോർട്ട് (ഇടവക, ഫൊറോനാതല) അസംബ്ലിയുടെ സെക്രട്ടറിക്ക് ലഭിക്കത്തക്കവിധം അരമനയിലേക്ക് അയച്ചു തരേണ്ടതാണ്. നിങ്ങൾ നൽകുന്ന നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തായിരിക്കും അസംബ്ലിയിൽ സമർപ്പിക്കുന്ന വിഷയാവതരണരേഖ തയ്യാറാക്കുന്നത്.

അസംബ്ലിയുടെ മാർഗ്ഗരേഖ (Lineamenta) അതിരൂപതാ സൈറ്റിലും അപ്നാദേശ് ഓൺലൈനിലും ലഭ്യമാക്കുന്നതും, നിങ്ങളുടെ നിർദ്ദേശങ്ങൾ kadassembly2014@gmail.com എന്ന മെയിലിലേയ്ക്ക് എഴുതി അറിയിക്കാവുന്നതാണ്.

അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന ഇതോടൊപ്പം അയച്ചു തരുന്നു. നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ഈ പ്രാർത്ഥന അസംബ്ലി തീരുന്നതുവരെ ഉപയോഗിക്കേണ്ടതാണ്.

ജീവിത വിശുദ്ധീകരണത്തിന് വിധേയമാകാനും വെല്ലുവിളികളെ ഒന്നുചേർന്ന് വിശ്വാസപൂർവ്വം നേരിടുവാനും ഈശോമിശിഹായിക്ക് സാക്ഷ്യം വഹിക്കുന്ന ഒരു സ്നേഹ സമൂഹമായി മാറാനും ഈ സമ്മേളനം കാരണമാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവം,

**✠മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്താ

---

N.B. ഈ സർക്കുലർ ഏപ്രിൽ 27-ാം തീയതി കുർബാനമധ്യേ പള്ളികളിൽ വായിച്ചറിയിക്കേണ്ടതാണ്.